**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4627** **02-07-2024 - ൽ മറുപടിയ്ക്ക്**

**ആനക്കൊമ്പ് വേട്ടക്കെതിരെ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ആനക്കൊമ്പിനുവേണ്ടി ആനകളെ വേട്ടയാടിയതിന് എത്രപേർക്കെതിരെ വനം വകുപ്പ് കേസെടുത്തിട്ടുണ്ട്; വിശദമാക്കുമോ; | (എ) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ആനക്കൊമ്പിന് വേണ്ടി ആനകളെ വേട്ടയാടിയതിന് 9 കേസുകളിലായി 32 പേർക്കെതിരെ OR കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി OR കേസുകളുടെ വനം സർക്കിൾ തല വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | വേട്ടയാടിയ ആനക്കൊമ്പുകൾ മലയാറ്റൂർ വനം ഡിവിഷനിലെ സ്ഥലങ്ങളിൽ നിന്നും പശ്ചിമഘട്ട മലനിരകളിലൂടെ കൊണ്ടുവന്ന് തിരുവനന്തപുരത്ത് എത്തിച്ചു നൽകിയിട്ടുള്ളതായി ആനക്കൊമ്പ് വേട്ടയ്ക്ക് പിടിയിലായ വ്യക്തി വെളിപ്പെടുത്തിയത് ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ഇക്കാര്യം വളരെ ഗൗരവത്തോടെ കാണുന്നു. വിൽപ്പന നടത്തുക എന്ന ഉദ്ദേശത്തോടുകൂടി ആനക്കൊമ്പുകൾ കൈവശം വച്ചതുമായി ബന്ധപ്പെട്ട് OR 2/2024, റിസർവ്വ് വനത്തിൽ ലൈസൻസ് ഇല്ലാത്ത നാടൻ തോക്കുമായി അതിക്രമിച്ചു കടന്ന് കൊമ്പനാനയെ വെടിവെച്ച് കൊന്ന് കൊമ്പുകൾ ശേഖരിച്ചതിന് OR 3/2024 എന്നീ നമ്പറുകൾ പ്രകാരം രണ്ട് OR കേസുകൾ മലയാറ്റൂർ വനം ഡിവിഷനിൽപ്പെട്ട കുട്ടമ്പുഴ റെയിഞ്ചിൽ 2024 ജൂൺ മാസത്തിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി കേസുകളുടെ അന്വേഷണം പുരോഗമിച്ചു വരുന്നു. പശ്ചിമഘട്ട മലനിരകളിൽ പെട്രോളിംഗ് ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഊർജ്ജിതപ്പെടുത്തുവാൻ ടെറിറ്റോറിയൽ/വൈൽഡ് ലൈഫ്/ഫ്ലയിംഗ് സ്ക്വാഡ് വിഭാഗങ്ങൾക്ക് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ്) ഇതിനകം നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിൻ പ്രകാരം സംരക്ഷണ പ്രവർത്തനങ്ങളും നിരീക്ഷണവും ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. |
| (സി) | വനം വകുപ്പ് ഉദ്യോഗസ്ഥരുടെ പിന്തുണയില്ലാതെ വേട്ടയാടിയ ആനക്കൊമ്പുകളുമായി ദിവസങ്ങളോളം സഞ്ചരിക്കുവാൻ സാധ്യമല്ല എന്നതിനാൽ ഇക്കാര്യത്തിൽ വനംവകുപ്പിന് വീഴ്ച ഉണ്ടായത് സംബന്ധിച്ച് അന്വേഷണം നടത്തുവാൻ തയ്യാറായിട്ടുണ്ടോ ; എങ്കിൽ കണ്ടെത്തലുകൾ എന്തൊക്കെയാണ് വ്യക്തമാക്കുമോ; | (സി) | കേസുകളുമായി ബന്ധപ്പെട്ട് നിലവിൽ നടന്നു വരുന്ന അന്വേഷണങ്ങളിൽ ആനക്കൊമ്പുകൾ വനമേഖലയിൽ നിന്നും കടത്തിക്കൊണ്ട് പോയതുമായി ബന്ധപ്പെട്ട് വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് പങ്കുള്ളതായി കണ്ടെത്തിയിട്ടില്ല. ആനക്കൊമ്പുകളുമായി വനത്തിലൂടെ സഞ്ചരിച്ചതായ വാർത്തകളുടെ ആധികാരികത പരിശോധിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | | |
| (ഡി) | പ്രസ്തുത സംഭവത്തിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ഡി) | കേസുകളുമായി ബന്ധപ്പെട്ട് നിലവിൽ നടന്നു വരുന്ന അന്വേഷണങ്ങളിൽ ആനക്കൊമ്പുകൾ വനമേഖലയിൽ നിന്നും കടത്തിക്കൊണ്ട് പോയതുമായി ബന്ധപ്പെട്ട് വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് പങ്കുള്ളതായി കണ്ടെത്തിയിട്ടില്ല. ആനക്കൊമ്പുകളുമായി വനത്തിലൂടെ സഞ്ചരിച്ചതായ വാർത്തകളുടെ ആധികാരികത പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| സർക്കിൾ | OR കേസുകളുടെ എണ്ണം | പ്രതികളുടെ എണ്ണം |
|---|---|---|
| ഹൈറേഞ്ച് | 5 | 16 |
| സെൻട്രൽ | 1 | 1 |
| ഈസ്റ്റേൺ | 1 | 6 |
| നോർത്തേൺ | 1 | 2 |
| വൈൽഡ്ലൈഫ് പാലക്കാട് | 1 | 7 |
| **ആകെ** | **9** | **32** |